കേരള സർക്കാർ

# അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.4)2246/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 19.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

.

വിശ്വസ്തതയോടെ

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ്

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

.

നം.കെ.എസ്.എ.-ഇ.കെ.എം(പി.4)2246/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 19.01.2017

.

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ
2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്

.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

.

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 1.4.15മുതൽ 31.3.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ലഭ്യമായ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ 30.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ടെസ്സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബെന്നി സെബാസ്റ്റ്യൻ, ഓഡിറ്റർ |
| | ശ്രീ. സന്തോഷ് കെ.വി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.സാജു മൂഞ്ഞേലി | 1.4.15 | 31-10-15 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-15 | 18-11-15 |
| | ശ്രീമതി നീതു അന്ന | 19-11-15 | 31-3-16 |
| സെക്രട്ടറി | ശ്രീ.സി.മണികണ്ഠൻ | 1.4.15 | 31-3-16 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.ബഷി.വി.ജി. | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മഞ്ജു ജോൺ | 01.04.2015 | 31.03.2016 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജലീന നാലകത്ത് | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശ്രീരേഖ.വി.എസ് | 01.04.2015 | 31.03.2016 |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.സുജ ജേക്കബ് | 01.04.2015 | 4.12.2015 |
| | ശ്രീമതി K. G ശ്രീമതി | 5-12-15 | 31-3-16 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ചുള്ളി | ശ്രീ.സുമേഷ്.എ.വി | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -അയ്യമ്പുഴ | ശ്രീ.ഹർഷദ്.വി.കെ | 01.04.2015 | 27.9.2015 |
| | ശ്രീ റെജി ടി ആർ | 28-9-15 | 31-3-16 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | ശ്രീമതി.മോളി.കെ.പി | 01.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.രജിത.കെ.പി | 01.04.2015 | 11-6-15 |
| | ഡോ. ജേക്കബ് വർഗീസ് | 12-6-15 | 14-7-15 |
| | ഡോ. രജിത. കെ.പി | 15-7-15 | 26-7-15 |
| | ഡോ.ജേക്കബ് വർഗീസ് | 27-7-15 | 31-12-15 |
| | ഡോ. അന്ന സുധാകരൻ | 1-1-16 | 31-3-16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനപ്രിയ | 01.04.2015 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സജീവ്കുമാർ.പി.ആർ | 01.04.2015 | 31.03.2016 |

.
ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | രജിസ്റ്ററുകളുടെ പരിപാലനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ | 2-1 |
| 13 | രശീതികളുമായി ബന്ധപ്പെട്ട അപാകതകൾ | 2-2 |
| | ഭാഗം - 3 | |
| 14 | വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണം അപാകത | 3-1 |
| 15 | മൂലേപ്പാറ കുടിവെള്ള പദ്ധതി – അധികചെലവ് | 3-2 |
| 16 | ഹോമിയോ ഡിസ്പെൻസറി യിൽ മരുന്ന് ലഭ്യമാക്കിയില്ല,75000/-രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 17 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ | 3-4 |
| 18 | സ്വകാര്യ സ്പെഷ്യൽ സ്കൂളിലേക്ക് ഉകരണങ്ങൾ വാങ്ങൽ– മാർഗ്ഗ രേഖയ്ക്ക വിരുദ്ധം | 3-5 |

| | | |
|---|---|---|
| 19 | പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽവൻതുക നീക്കിയിരിപ്പ് | 3-6 |
| | ഭാഗം - 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 23 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 | അനുബന്ധം.1 |
| 30 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.2 |
| 31 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.3 |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.14 തിയതിയിലെ തീരുമാനം നമ്പർ ഒന്ന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് വിവരങ്ങളും താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 27606655 | 17822402 |
| വരവ് | 96357854 | 38333845 |
| ആകെ | 99118509 | 56156247 |
| ചെലവ് | 96510853 | 47473615 |
| നീക്കിയിരിപ്പ് | 2607656 | 8682632 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2015 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2014-15 |
|---|---|
| മുന്നിരിപ്പ് | 1,78,22,402.00 |
| വരവ് | 38333845 |
| ആകെ | 56156247 |
| ചെലവ് | 47473615 |
| നീക്കിയിരിപ്പ് | 8682632 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2015-16 |
|---|---|
| വസ്തു നികുതി | 1482830 |

പഞ്ചായത്തിന് വസ്തു നികുതിയൊഴികെ മറ്റ് കുടിശ്ശികയൊന്നും പിരിച്ചെടുക്കാനില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| പൊതുവിഭാഗം* | 15,61,576 | 0 | (+) 6546670 | 8108246 | 8108246 | 0 | 79.48 |
| എസ്.സി. പി. | 31,88,361 | 3200682 | (-)2962226 | 3426817 | 3426817 | 0 | 34.61 |
| ടി.എസ്. പി. | 8,804 | 48000 | (-)8804 | 48000 | 48000 | 0 | 93.42 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 27,06,124 | 13283831 | 0 | 15989955 | 15989955 | 0 | 85.42 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 6,10,778 | 1683341 | 0 | 2294119 | 2294119 | 0 | 80.66 |
| 3-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2190406 | 3534415 | (-)2437401 | 3287420 | 3287420 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 18,81,039 | 1101201 | 1138239(-) | 1844001 | 1844001 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 2,087 | 25380912 | 0 | 25382999 | 25381572 | 1427 | 99.80 |
| ബി ഫണ്ട് | | 19442260 | 0 | 19442260 | 19442260 | 0 | 0 |

*പ്ലാൻ ഫണ്ട് (ജനറൽ) അക്കൌണ്ടായ VPF II(a) ലെ മുന്നിരിപ്പിൽ 2,37,918 രൂപ ജില്ലാ,ബ്ലോക്ക്,സെൻട്രൽ ഷെയറുകൾ ഉൾപ്പെടുന്നു.0

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 250 | 5,30,93,402 | 155 | 3,15,72,058 | 15 | 80 | 62% |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.94 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 29,87,470 | 2656267 | (-)331203 | 11.47(-) |
| നികുതിയേതര വരവുകൾ | 981636 | 671156 | (-)310480 | |
| മറ്റുവരവുകൾ | 61993 | 112933 | (+)50940 | 82.17(+) |
| ആകെ | 40,31,101 | 3440356 | (-)590743 | 14.94(-) |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49,200 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 16,97,939 | 242 |
| വിധവാപെൻഷൻ | 33,68,780 | 503 |
| വാർദ്ധക്യകാല പെൻഷൻ | 43,07,723 | 1271 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 19,47,607 | 181 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 1,44,165 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.12.2016-ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1554 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 രജിസ്റ്ററുകളുടെ പരിപാലനം

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 2015/16 ഓഡിറ്റ് വർഷം താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

1)ഡി&ഒ ലൈസൻസ്സുമായി ബന്ധപ്പെട്ട് വാർഡുതലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ്

2)വസ്തുനികുതിയുമായി ബന്ധപ്പെട്ട് അരിയർ ഡിമാന്റ് രജിസ്റ്റർ,അപ്പീൽ /

റിവിഷൻ രജിസ്റ്റർ, എഴുതിത്തള്ളൽ രജിസ്റ്റർ

3)തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് (സ്ഥാപന തൊഴിൽ നികുതി)

ഡിമാന്റ് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2016 | 25.11.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2014 | 2009-10 മുതൽ 2013-14 വരെ | 31.12.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിൽ 2015/16 ഓഡിറ്റ് വർഷം തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നഅപാകതകൾ കാണുന്നു.

1) വിമുക്ത ഭടന്മാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിമുക്ത ഭടന്മാരുടെ തൊഴിൽ നികുതി ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെപേര് | ജീവനക്കാരന്റെ പേര് | വരുമാനം | ഏത് അർദ്ധ വർഷം | ഈടാക്കേണ്ടനികുതി |
|---|---|---|---|---|
| S.B.I.അയ്യന്കുഴ | മത്തായി പി.എ അസോസിയേറ്റ് | 251442 | രണ്ട് അർദ്ധ വർഷം | 1250*2 =2500 |
| S.B.I.അയ്യന്കുഴ | പ്രിയകുമാർ ck അസോസിയേറ്റ് | 263580 | ഒന്നാം അർദ്ധ വർഷം | 1250 |
| S.B.I.അയ്യന്കുഴ | തോമസ് പി. ജോസ് വാച്ച് & വാർഡ് | 182538 | രണ്ട് അർദ്ധ വർഷം | 1250*2 =2500 |
| ബ്ലാക്ക് ഡയമണ്ട് റോക്ക് പ്രോഡക്ട്സ് | ജ്യോതിഷ് മാനേജർ | 96000 | രണ്ട് അർദ്ധ വർഷം | 750*2 =1500 |
| ബ്ലാക്ക് ഡയമണ്ട് റോക്ക് പ്രോഡക്ട്സ് | ഡേവീസ് K.Y | 56000 | 1-ാം അർദ്ധ വർഷം | 450* 1 = 450 |
| ആകെ | | | | 8200 |

2) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഓഡിറ്റ് വർഷം , ഒന്നാം അർദ്ധവർഷത്തിൽ ബ്ലാക്ക് ഡയമണ്ട് റോക്ക് പ്രോഡക്ട്സ്

എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം താഴെകൊടുക്കുന്നു.

| ജീവനക്കാരന്റെപേര് | തസ്തിക | വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | ബാക്കി |
|---|---|---|---|---|---|
| നിഷാദ് | സൂപ്പർവൈസർ | 72000 | 600 | 450/rtno.11502100939 dtd 16/112015 | 150 |
| ജോസഫ് | ഓപ്പറേറ്റർ | 48000 | 450 | 300/rtno.11502100939 dtd 16/112015 | 150 |
| തലേഷ് | ഓപ്പറേറ്റർ | 48000 | 450 | 300/rtno.11502100939 dtd 16/112015 | 150 |
| ബേസിൽ | ഓപ്പറേറ്റർ | 48000 | 450 | 300/rtno.11502100939 dtd 16/112015 | 150 |
| ദിലീപ് | ഓപ്പറേറ്റർ | 48000 | 450 | 300/rtno.11502100939 dtd 16/112015 | 150 |
| പവൻ | ഇലക്ട്രീഷ്യൻ | 48000 | 450 | 300/rtno.11502100939 dtd 16/112015 | 150 |
| ത്രേസ്യാമ്മ | കുക്ക് | 36000 | 300 | 180/rtno.11502100939 dtd 16/112015 | 120 |
| ആകെ | | | | | 1020 |

ഇപ്രകാരം ഈടാക്കാത്ത തൊഴിൽ നികുതി 8200 രൂപയും, കുറവായി ഈടാക്കിയ തൊഴിൽനികുതി 1020 രൂപയും ഉൾപ്പെടെ ആകെ 9220-രൂപ ഈടാക്കേണ്ടതാണ്. .

## 2-2 രശീതികളുമായി ബന്ധപ്പെട്ട അപാകതകൾ

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 2015/16 ഓഡിറ്റ് വർഷം രശീതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

ഓഡിറ്റ് വർഷം പഞ്ചായത്തിൽ ഉപയോഗിച്ച രശീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. ഉദാ: ബുക്ക്നം.33124,33125,33126,33127,33128,33129 . രശീതിബുക്കുകളിൽ നിർബന്ധമായും ഈ സർട്ടിഫിക്കറ്റ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2)ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്യുന്നില്ല.

സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷം ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്യുന്നില്ല. ഉദാ:

രശീതി ബുക്ക്നം.33124(16മുതൽ 100വരെ)

രശീതി ബുക്ക്നം.33129(31മുതൽ 100വരെ)

രശീതി ബുക്ക്നം.33126(37മുതൽ 100വരെ)

സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷമുള്ള രശീതികൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണം -അപാകത

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ ചുള്ളി ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ട് 12-ാം പദ്ധതി മാർഗ്ഗരേഖയ്ക്ക് (സ.ഉ.(എം.എസ്.)നമ്പർ 362/2013 ത.സ്വ.ഭ.വ.തിരുവനന്തപുരം തീയ്യതി 16/11/2013)യ്ക്ക് വിരുദ്ധമാണ്.പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെ പറയുന്നു.

1)SC/ST കുട്ടികൾക്ക് സൈക്കിൾ വിതരണം (പത്താം ക്ളാസ്സ് കുട്ടികൾക്കല്ലാതെ)

പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന SC/ST വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തത് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വിഭാഗം | S.C.P |
| പ്രോജക്ട്നം. | SO212/16 |
| അടങ്കൽ | 230000/- |
| ചെലവ് | 228000/- |
| ചെലവ് രേഖ | ബിൽ.നം.1/2015/16 തീയ്യതി 16/3/2016<br>തുക 228000/-<br>D.D.NO.074051 തീയ്യതി 19/3/2016<br>തുക 228000/- |

ടെണ്ടർ മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

Tallboy Sports,കളത്തിൽ ബിൽഡിങ്, പാലസ്റോഡ്, ആലുവ എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ ഒന്നിന് 4750/-രൂപ നിരക്കിൽ (വാറ്റ് ഉൾപ്പെടെ) 48 സൈക്കിളുകളാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. സൈക്കിൾ കുട്ടികൾക്ക് വിതരണം ചെയ്തത് താഴെപ്പറയുന്ന വിധത്തിലാണ്.

| | |
|---|---|
| ആകെ വിതരണം ചെയ്ത സൈക്കിളുകൾ | 48 |
| 10ാം ക്ളാസ്സിൽ പഠിക്കുന്നവർക്ക് | 10 |
| 8/9 ക്ളാസ്സുകളിൽ പഠിക്കുന്നവർക്ക് | 13 |
| 3 മുതൽ 8 വരെ ക്ളാസ്സുകളിൽ പഠിക്കുന്നവർക്ക് | 20 |
| +1,+2 ക്ളാസ്സുകളിൽ പഠിക്കുന്നവർക്ക് | 5 |

മാർഗ്ഗരേഖ പ്രകാരം 10ാം ക്ളാസ്സിൽ പഠിക്കുന്ന 10 കുട്ടികൾക്ക് മാത്രമേ സൈക്കിളിന് അർഹതയുള്ളു .ബാക്കി കുട്ടികൾക്കായി വാങ്ങിയ 38 സൈക്കിളുകളുടെ വിലയായ 180500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മൂലേപ്പാറ കുടിവെള്ള പദ്ധതി - അധികചെലവ്

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ പഞ്ചായത്തും, കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി നിർവ്വഹിച്ചു പോരുന്ന കുടി വെള്ള പദ്ധതിയാണ്, മൂലേപ്പാറ കുടിവെള്ള പദ്ധതി. 20 h.p.യുടെ രണ്ട് മോട്ടോറുകൾ പ്രവർത്തിപ്പിച്ചാണ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു പോരുന്നത്. പഞ്ചായത്തു ചെലവിൽ രണ്ട് പ്ളംബർമാരുടെ സേവനവും ഇതിലേയ്ക്കായി ലഭ്യമാക്കുന്നുണ്ട്.കാലാ കാലങ്ങളിൽ മോട്ടോർ റിപ്പയറിങ്, മാസം തോറും കറന്റ് ചാർജ്ജ്

അടവാക്കൽ എന്നിവയെല്ലാം പഞ്ചായത്തു ഫണ്ടിൽ നിന്നാണ് നിർവ്വഹിച്ചു പോരുന്നത്. വർഷം തോറും പഞ്ചായത്തിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടാവുന്ന ചെലവുകളുടെ ഏകദേശവിവരം താഴെ പറയുന്നു.

| | |
|---|---|
| ഇലക്ട്രിസിറ്റി ചാർജ്ജ് | 840000 |
| പമ്പ് ഓപ്പറേറ്റർ (2) | 324000 |
| ആകെ | 1164000 |

ഇത്രമാത്രം വലിയ തുകയും,കാലാകാലങ്ങളിലെ മെയിന്റനൻസ്സുകളും പദ്ധതിയ്ക്ക് വേണ്ടി നിർവ്വഹിക്കുന്നുണ്ടെങ്കിലും, പഞ്ചായത്തിന് ഈ പദ്ധതികൊണ്ട് പ്രയോജനമൊന്നുമില്ല.പഞ്ചായത്തിന്റെ വിവിധ മേഖലകളിലുള്ള 41 പൊതു ടാപ്പുകളിലേയ്ക്കും, പഞ്ചായത്തിലെ ഒരു ടാപ്പിലേയ്ക്കും വെള്ളം ലഭിക്കുന്നത് ഈ ടാപ്പിൽനിന്നാണെങ്കിലും അതിന് പഞ്ചായത്ത് ടാപ്പ് ഒന്നിന് വർഷം 5250/-രൂപയോളം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിക്കൊണ്ടിരിക്കുന്നു. അതായത് 1200000/-ത്തോളം രൂപ ഒരു പദ്ധതിയ്ക്കായി വർഷംതോറും പഞ്ചായത്തു ചെലവഴിച്ചിട്ട് രണ്ടര ലക്ഷത്തോളം രൂപ വീണ്ടും അധിക ചെലവ് നടത്തി കേരള വാട്ടർ അതോറിറ്റിയ്ക്ക് നേട്ടം ഉണ്ടാക്കുന്ന ഈ നടപടി ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 ഹോമിയോ ഡിസ്പെൻസറി യിൽ മരുന്ന് ലഭ്യമാക്കിയില്ല,ചെലവ് തടസ്സപ്പെടുത്തുന്നു

അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിൽ 2015/16 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രോജക്ടാണ് ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ.പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0022/16 |
| അടങ്കൽ | 75000/- |
| കാറ്റഗറി വിഭാഗം | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | 75000/- |
| ബിൽനം.&ഡി.ഡി.നമ്പർ | 1/2015-16 തീയ്യതി 28/12/2015<br>DDNO.721658dtd 28/12/2015 |

മേൽപ്പറഞ്ഞ വിധത്തിൽ 75000/-രൂപയുടെ ഡി.ഡി.കേരളസ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയെങ്കിലും 12 മാസങ്ങൾക്ക് ശേഷവും മരുന്ന് ലഭ്യമായിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ ആയുർവ്വേദ ഡിസ്പൻസറി അയ്യമ്പുഴ നിർവ്വഹിച്ച പ്രോജക്ടാണ് ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ.പ്രോജക്ട് സംബന്ധിച്ച വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ |
| പ്രോജക്ട് നം. | S0034/16 |
| വിഭാഗം/ഫണ്ട് | ജനറൽ/മെയിന്റനൻസ് ഫണ്ട് റോഡിതരം |
| മേഖല | ആരോഗ്യം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ ആയുർവ്വേദഡിസ്പൻസറി അയ്യമ്പുഴ |
| ചെലവ് രേഖ / തുക | Bill No. 4/15-16<br>DDNO.72065<br>തീ.16/11/2015<br>3,00,000 |

ഗവർമെന്റ് ഉത്തരവ് 12/3/2008GO(MS)NO.71/2008/ത.സ്വ.ഭ.വ. തീ .12/3/2008 പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡിതരത്തിന്റെ 10% മാത്രമേ മരുന്ന വാങ്ങലിനായി ഉപയോഗിക്കാൻ പാടുള്ളൂ. ഓഡിറ്റ് വർഷം മെയിന്റനൻസ് ഫണ്ട് റോഡിതരം വരവ് 2079000/-രൂപയാണ്. അപ്പോൾ മരുന്ന വാങ്ങലിനായി ഉപയോഗിക്കാവുന്നത് 207900/രൂപമാത്രമാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ 300000/രൂപ പ്രോജക്ടിനായി ചെലവഴിച്ചു. ഗവർമെന്റ് ഉത്തരവിനെ അതിലംഘിച്ച് കൂടുതലായി 92100/-രൂപ ചെലവഴിച്ചു

പദ്ധതി നിർവ്വഹണത്തിനായി ഫണ്ടുകൾവകയിരുത്തുമ്പോൾ ഇക്കാര്യത്തിലുള്ള ഗവർമെന്റ് ഉത്തരവുകളുടെ സാധൂകരണം കൂടി മനസ്സിലാക്കേണ്ടതും തദനസൃതമായി പ്രോജക്ടുകൾ രൂപീകരിക്കാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-5 സ്വകാര്യ സ്പെഷ്യൽ സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

2015-16 ഓഡിറ്റ് വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ട് പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്.പ്രോജക്ട് , സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | സ്പെഷ്യൽ സ്കൂളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ |
|---|---|
| പ്രോജക്ട് നം. | S0234/16 |
| അടങ്കൽ | 50000/- |
| ചെലവ് | 50000/- |
| ചെലവ് രേഖ | ബിൽനം.13/15-16തീയ്യതി29 /3/2016 തുക 50000/- D.D.NO.075316 തീയ്യതി 31/3/2016 തുക 50000/- |
| വിഭാഗം | ജനറൽ |
| ഉപകരണങ്ങൾ വാങ്ങൽ | ടെണ്ടർ മുഖേന |

12-ാം പദ്ധതി മാർഗ്ഗ രേഖയിൽ സ്പെഷ്യൽ സ്കൂളുകൾക്ക് പഞ്ചായത്തിൽ നിന്നും സഹായം അനുവദിക്കാമെന്ന് പറയുന്നുണ്ടെങ്കിലും, ഗവർമെന്റ്, എയിഡഡ് സ്കൂളുകൾക്കുള്ള ഈ ധനസഹായം സ്വകാര്യ മേഖലയിലേയ്ക്ക് അനുവദനീയമാണെന്ന് അനുശാസിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥ ആനുകൂല്യം നൽകിയിരിക്കുന്നത് പഞ്ചായത്ത് പരിധിയിൽ ക്രിസ്ത്യൻ സഭാ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സെന്റ് ആന്റണീസ് സ്പെഷ്യൽ സ്കൂൾ ഒലിവ് മൗണ്ട്,ചുള്ളി, എന്ന സ്ഥാപനത്തിനാണ്. ടി സ്ഥാപനത്തിന് പ്രോജക്ടിലൂടെ നൽകിയ ഉപകരണങ്ങൾ താഴെപ്പറയുന്നവയാണ്.

| ഉപകരണങ്ങളുടെ പേര് | എണ്ണം | വില |
|---|---|---|
| സ്റ്റഡി ടേബിൾ | 5 (5*6500) | 32500 |
| ബെഞ്ച് | 5 (5*3500) | 17500 |
| ആകെ | 10 | 50000 |

ടെണ്ടർ മുഖേന എൻജിനിയറിങ്, ജനറൽ ട്രേഡിങ് ചങ്ങമ്പുഴ നഗർ കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്വകാര്യ സ്ഥാപനത്തിന് നൽകിയ മുകളിൽ പറഞ്ഞിരിക്കുന്ന ഉപകരണങ്ങൾക്ക് നൽകിയ വിലയായ 50000/-രൂപയുടെ ചെലവ്, പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്

2015-16 വർഷത്തെ അക്കൗണ്ട്സ് പ്രകാരം പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും അയ്യമ്പുഴ സർവ്വീസ് സഹകരണബാങ്കിലെ സംയുക്ത അക്കൗണ്ട് നമ്പർ 4166 -ൽ (ഇഎംഎസ് ഭവനനിധി) 31.3.2016 – ൽ 2819856 രൂപ നീക്കിയിരിപ്പുണ്ട്. 7.8.2015 -ൽ ഈ അക്കൗണ്ടിൽ 6093600 രൂപ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് ബാക്കി നൽകാനുള്ള ഗഡുക്കൾ നൽകിയതിനുശേഷം നിലവിൽ 30.9.16 – ൽ 2876786 രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. സഹകരണബാങ്കിൽ ഇത്രയധികം രൂപ നിക്ഷേപിച്ചതിന്റെ ഉറവിടവും വൻതുക

നീക്കിയിരുപ്പായി വന്നതിന്റെ കാരണവും സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ അക്കൗണ്ട് തുടങ്ങുകയും അതിൽ വൻതുക നീക്കിയിരിപ്പ് വരികയും ചെയ്തിരിക്കുന്നത് ചട്ടലംഘനമാണ്. ഈ ഫണ്ട് സംബന്ധിച്ച് വ്യക്തതവരുത്തുകയും സർക്കാരിലേക്ക് തിരികെ അടവാക്കാനുള്ളതാണെങ്കിൽ ആയത് അടിയന്തിരമായി തിരിച്ചടക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 50000 | ഭിന്നശേഷി സ്കോളർഷിപ്പ് | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 62317 | മാനസികവെല്ലുവിളി നേരിടുന്നവർക്ക് പോഷകാഹാരം | 0 | 62317 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ എ എസ് ഇ ബി | തെരുവ്വ വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 901212/20-5-15 | 40000 | 40000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ഗവ.ഉത്തരവ് 480/10 തീയതി | 1,13,16,000 | 27,02,000 | 1131600 | | 1570400 |

| | | | | | | |
|---|---|---|---|---|---|---|
| | 11.02.2010 | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ 42245/- രൂ. വരവുവന്നതായി കാണുന്നു. എന്നാൽ രസീതുകളുടെ അസ്സൽ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,38,25,761.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,02,15,786.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 9220.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 305500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9220 | | ശ്രീ സി. മണികണ്ഠൻ, സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 180500 | ശ്രീമതി മോളി കെ.പി. ഹെഡ്മിസ്ട്രസ് |
| 3-3- | 75000 | ഡോ. ജലീന നാലകത്ത്,ഹോമിയോ മെഡിക്കൽ ഓഫീസർ |
| 3-5 | 50000 | ശ്രീമതി കെ.ജി. ശ്രീമതി, ഐസിഡിഎസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സി. മണികണ്ഠൻ, സെക്രട്ടറി | സെക്രട്ടറി, കടുങ്ങല്ലൂർ പഞ്ചായത്ത് കടുങ്ങല്ലൂർ | ശ്രീ സി. മണികണ്ഠൻ, അമ്പാട്ട് വീട്, മൂക്കന്നൂർ പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1985-86 | എൽ.എഫ്.ഇ(പി5)256/89/ 22.05.1989 | |
| 1986-87 | എൽ.എഫ്.ഇ(പി5)518/90/ 07.12.1990 | |
| 1987-88 | എൽ.എഫ്.ഇ(പി5)666/91/ 06.05.1991 | |
| 1988-891989-90 | എൽ.എഫ്.ഇ(പി7)172/93/ 13.05.1994 | |
| 1990-911991-92 | എൽ.എഫ്.ഇ(പി7)1328/94/ 03.04.1995 | |
| 1992-931993-94 | എൽ.എഫ്.ഇ(പി 7)1376/95/ 07.11.1995 | |
| 1998-99 | എൽ.എഫ്.ഇ(പി4)319/01/ 17.07.2001 | |
| 1999-2000 | എൽ.എഫ്.ഇ(പി4)214/02/ 04.02.2003 | |
| 2000-01(ചെലവ്) | എൽ.എഫ്.ഇ(പി4)209/05/ 06.10.2005 | |
| 2001-02(ചെലവ്) | എൽ.എഫ്.ഇ(പി4)210/05/ 06.10.2005 | |
| 2001-2002(വരവ്) | എൽ.എഫ്.ഇ(പി4)795/07/ 12.02.2008/05.04/2008 | |
| 2002-03 | എൽ.എഫ്.ഇ(പി4)661/09/ 15.12.2009/15.03.2010 | |
| 2003-04 | എൽ.എഫ്.ഇ(പി4)662/09/ 15.12.2009/15.03.2010 | |
| 2004-05 | എൽ.എഫ്.ഇ(പി4)1209/09/ 04.02.2010/14.05.2010 | |
| 2005-06 | എൽ.എഫ്.ഇ(പി4)1210/09/ 21.01.2010/04.05.2010 | |
| 2006-07 | എൽ.എഫ്.ഇ(പി4)1211/09/ 04.07.2010/04.05.2010 | |
| 2007-08,2008-09, 2009-10&2010-11 | എൽ.എഫ്.ഇ(പി4)1390/12/ 01.09.2012/12/10.2012 | |
| 2011-12 | എൽ.എഫ്.ഇ(പി4)1636/2013/ 19.09.2013/10.10.2013 | |

| | | |
|---|---|---|
| 2012-13 & 2013-14 | എൽ.എഫ്.ഇ(പി4)515/2015/ 28.05.15/16.07.15 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.4)2246/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :19.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P4)2246/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 19.01.2017

Certified that I have audited the Annual Financial Statement of Ayyampuzha Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ayyampuzha Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)